# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ
# *2025-26*

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വർഷം

## ഗവ എൽപിഎസ് പാലോട്

പച്ച പി **69 55 62** തിരുവനന്തപുരം

# <u>ആമുഖം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്താൻ ഇടയാക്കി. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ മിക്ക സ്കൂളുകളും ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക മികവും ഗുണനിലവാരവും ഇനിയും മെച്ചപ്പെടേണ്ടതായിട്ടുണ്ട്. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക എന്നതാണ് ഈ അധ്യായന വർഷം മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവയ്ക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ പ്രഥമ ലക്ഷ്യം. അതിനാൽ തന്നെ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രാധാന്യവും ഏറുകയാണ് എല്ലാ പൊതുവിദ്യാലയങ്ങളും സമഗ്ര ഗുണമേന്മ കൈവരിച്ച മികവിന്റെ കേന്ദ്രങ്ങൾ ആവുക എന്നത് തന്നെയാണ് ഓരോ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ആസൂത്രണത്തിന്റെ പിന്നിലെ പ്രചോദനവും. അതുവഴി സ്കൂളിലെ കുരുന്നുകൾക്ക് സർവതോന്ന്മുഖമായ വികാസം സാധ്യമാകും. കുട്ടികളുടെ അക്കാദമിക നിലവാരം പ്രതീക്ഷിത നിലവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഗവ എൽപിഎസ് പാലോട് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് . പൊതുസമൂഹത്തിന്റെ

പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് നമ്മുടെ ഈ ചെറിയ വിദ്യാലയം. അതിന് കരുത്ത് പകരാൻ ഏറെ സഹായകമായ രീതിയിലാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കുന്നു

ശ്രീപ്രദീഷ്**T(PTA**പ്രസിഡൻറ്**).** ഷിഹാന**AS.(**ഹെഡ്മിസ്ട്രസ്**)**

## <u>അടിസ്ഥാന വിവരങ്ങൾ</u>

സ്കൂളിൻറെ പേര് : ഗവ.എൽപിഎസ് പാലോട്
മേൽവിലാസം : പാലോട് ,പച്ച **P O, 695562**

ഫോൺ. : **9633296493**
സ്കൂൾ കോഡ്. : **42619**
വിദ്യാഭ്യാസ ഉപജില്ല : പാലോട്
വിദ്യാഭ്യാസ ജില്ല : ആറ്റിങ്ങൽ
റവന്യൂ ജില്ല : തിരുവനന്തപുരം
ബി ആർ സി : പാലോട്
സി ആർ സി : പച്ച
ഗ്രാമപഞ്ചായത്ത് : നന്ദിയോട്
ബ്ലോക്ക് പഞ്ചായത്ത് : വാമനപുരം
ജില്ലാ പഞ്ചായത്ത് : തിരുവനന്തപുരം
നിയമസഭാ മണ്ഡലം : വാമനപുരം
ലോക്സഭാ മണ്ഡലം : ആറ്റിങ്ങൽ
താലൂക്ക് : നെടുമങ്ങാട്
വില്ലേജ് : പാലോട്
ഈമെയിൽ. : **glpspalode@gmil.com**
ഫേസ്ബുക്ക് : **Glpspalode perakkuzhi**
സ്കൂൾ വിക്കി. : ഗവ എൽപിഎസ് പാലോട്

## സ്കൂൾ ഫാക്കൽറ്റി

ഹെഡ്മിസ്ട്രസ് : ശ്രീമതി.ഷിഹാന A S
പിടിഎ പ്രസിഡണ്ട്. : ശ്രീ T പ്രതീഷ്

MPTA പ്രസിഡൻറ്. :
SDC ചെയർമാൻ : ശ്രീ രാജ്കുമാർ
SDC വൈസ് ചെയർമാൻ. : ശ്രീ V L രാജീവ്
അധ്യാപകർ : ശ്രീമതി ലേഖ K
: ശ്രീമതി സീമ S
: ശ്രീമതി സജിത I
: ശ്രീമതി സൗമ്യ U
: ശ്രീ അഖിൽ ജിത്ത് C
: ശ്രീമതി അഖില S
: ശ്രീമതി മാലിനി L T

അനധ്യാപകർ : ശ്രീമതി ലീല R
: ശ്രീമതി രമാദേവി R

# ഗവ എൽപിഎസ് പാലോട്

## സ്കൂൾ ചരിത്രം

നന്ദിയോട് പഞ്ചായത്തിൽ പാലോട് സിഎസ്ഐ പള്ളിയിൽ എൽ എം എസ് എന്ന പേരിൽ ഒരു സ്കൂൾ പ്രവർത്തിച്ചിരുന്നു. അന്നത്തെ

ദിവാൻ **1947-** ൽ ആ സ്കൂൾ നിർത്തലാക്കി. തുടർന്ന് **1948** ഇവിടുത്തെ നാട്ടുകാർ പ്രക്ഷോഭം നടത്തി. തൽഫലമായി, അതേവർഷം തന്നെ നെടുമങ്ങാട് താലൂക്ക് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന വിദ്യാഭ്യാസ ഓഫീസർ, പച്ച എൽപിഎസിലെ സീനിയർ അധ്യാപകനായ ശ്രീ എം അച്യുതൻപിള്ള സാറിന് ഈ സ്കൂൾ തുടങ്ങുന്നതിന് ചാർജ് നൽകി. **1928-** ൽ പ പാലോട് എൽപിഎസ് പ്രർത്തനം തുടങ്ങുകയും ചെയ്തു.

**1948 - 49** ൽ സ്കൂൾ സ്ഥാപിതമായി. ആദ്യത്തെ പ്രഥമാധ്യാപകൻ ശ്രീ എം അച്യുതൻപിള്ളയും ആദ്യത്തെ വിദ്യാർഥി വി. സുമതിയുമാണ്.

# **2025-26** ലെ കുട്ടികളുടെ എണ്ണം

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| പ്രീ പ്രൈമറി | **59** | **54** | **113** |
| ക്ലാസ് **1** | **15** | **22** | **37** |

| | | | |
|---|---|---|---|
| ക്ലാസ് 2 | 16 | 16 | 31 |
| ക്ലാസ് 3 | 16 | 17 | 33 |
| ക്ലാസ് 4 | 22 | 16 | 37 |
| ആകെ | 128 | 125 | 253 |

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പു വരുത്തുക
3. വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക ,നടപ്പിലാക്കുക.

4. ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കാൻ സാധ്യമാകും വിധം പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
5. പാഠ്യ പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി സമഗ്ര ഗുണമേന്മ കുട്ടികളിൽ ഉറപ്പാക്കുക.
6. ഓരോ കുട്ടിയുടെയും പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ ഉറപ്പിക്കാനുതകും വിധമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
7. ശാസ്ത്ര വിഷയങ്ങൾ അന്വേഷണാത്മക, അനുഭവാധിഷ്ഠിത പഠനത്തിലൂടെ മുന്നേറാൻ കഴിയും വിധം ആസൂത്രണം ചെയ്യുക.
8. കുട്ടികളിൽ മൂല്യബോധം വികസിക്കാനുള്ള പ്രവർത്തന പദ്ധതികൾ കൂടി ഉൾച്ചേർക്കുക.
9. ഉൾച്ചേരൽ വിദ്യാഭ്യാസതിന്റെ  പ്രാധാന്യം ഒട്ടും ചോർന്നു പോകാത്ത വിധം ആസൂത്രണം ചെയ്തു ക്ലാസുകളിൽ നടപ്പിലാക്കാൻ ശ്രമം നടത്തുക.
10. ഹരിത പെരുമാറ്റച്ചട്ടം പാലിക്കാൻ ശ്രമിക്കുക.
11. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ സ്കൂളിൽ ലഭ്യമായ സൗകര്യത്തിൽ നിന്നുകൊണ്ട് പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
12. പുതിയ സ്കൂൾ കെട്ടിടം ലഭ്യമാകുന്നതോടെ വിദ്യാലയത്തെ ഹൈടെക് ആക്കി മാറ്റുക.

# <u>ലക്ഷ്യങ്ങൾ</u>

## <u>ഭാഷാ വികസനം</u>

1. നാലാം തരം പൂർത്തീകരിച്ച് ഈ സ്കൂളിൽ നിന്ന് പുറത്തിറങ്ങുന്ന എല്ലാ കുട്ടികളെയും ആശയഗ്രഹണ വായന, എഴുത്ത് എന്നിവയ്ക്ക് പ്രാപ്തരാക്കുക.
2. ആശയവിനിമയശേഷി എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായി നേടിയെന്ന് ഉറപ്പുവരുത്തുക.
3. സർഗാത്മക രചനകൾക്ക് പരമാവധി അവസരം ഉറപ്പിക്കുക. (സർഗാത്മകഡയറി)
4. പുസ്തകങ്ങളുമായി കുട്ടികളെ അടുപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക. (അക്ഷരപ്പച്ച, അമ്മവായന, വീട്ടിൽ ഒരു ലൈബ്രറി.....)
5. ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
6. വായനാശീലം മെച്ചപ്പെടുത്തുക.
7. പുസ്തക പരിചയക്കുറിപ്പുകൾ പരിചയപ്പെടാനും രചന നടത്താനും കുട്ടികളെ പ്രാപ്തരാക്കുക.
8. അനുഭവവാത്മക രചനകൾ പരിചയപ്പെടുത്തുക. അത്തരം രചനകൾ എഴുതുന്നതിനും വായിക്കുന്നതിനും കുട്ടികളെ പ്രചോദിപ്പിക്കുക.

## <u>ഇംഗ്ലീഷ്</u>

1. ഇംഗ്ലീഷ് ഭാഷ നിത്യ ജീവിതത്തിൽ ഉപയോഗിക്കാൻ തക്കവണ്ണം എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള സ്വതന്ത്ര ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
3. സ്വതന്ത്രവായനയ്ക്കും എഴുത്തിനും കുട്ടികളെ സജ്ജരാക്കുക.
4. സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി ആശയാവതരണത്തിലൂടെ  അടിസ്ഥാന ഭാഷാശേഷികൾ വളർത്താൻ സഹായിക്കുക / സാഹചര്യം ഒരുക്കുക.
5. കുട്ടികൾക്ക് അവരുടെ നിലവാരത്തിന് അനുയോജ്യമായ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ, വായന കാർഡുകൾ ഇവ ക്ലാസ് മുറികളിൽ സജ്ജമാക്കുക.
6. പുസ്തകപരിചയ കുറിപ്പുകൾ തയ്യാറാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
7. ഭിന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് അവരുടെ നിലവാരത്തിന് അനുയോജ്യമായ വായന സാമഗ്രികൾ, പ്രാദേശിക ടെസ്റ്റുകൾ രൂപപ്പെടുത്താനുള്ള നിർമ്മാണ വർഷോപ്പുകൾ എന്നിവ ആസൂത്രണം ചെയ്യുക.

## <u>പരിസര പഠനം</u>

1. 5E ഘട്ടങ്ങളിൽ ഊന്നിയുള്ള ശാസ്ത്രീയ പഠന രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക. (5E= Engage, Explore, Explain, Elaborate & Evaluate)
2. ശാസ്ത്ര പഠനത്തിൽ താല്പ ര്യം വളർത്തുക , ശാസ്ത്രബോധം , ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
3. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണനചിന്ത,  കണക്കുപെട്ടി, പസിലുകൾ ,അന്വേഷാത്മക പഠനം, അനുഭവാധിഷ്ഠിതപഠനം, കളികളിലൂടെയുള്ള പഠനം തുടങ്ങിയ വ്യത്യസ്ത സമീപനങ്ങളിലൂടെ ഗണിതാശയങ്ങൾ കുട്ടികളിൽ എത്തിക്കുക.
3. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
4. കരിക്കുലം വിഭാവനം ചെയ്യുന്ന നിശ്ചിത ഗണിത ശേഷികൾ ഓരോ ക്ലാസിലും കുട്ടികൾ നേടിയെന്ന് ഉറപ്പുവരുത്തുക.
5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ അവയുടെ സാധ്യതകൾ പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## കലാ പരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന്  അവസരം ഒരുക്കുക.
4. പ്രത്യേക കലാ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
5. കെ ജി വിഭാഗത്തിനും പ്രൈമറി വിഭാഗത്തിനും ആയി പ്രത്യേക കലോത്സവം സ്കൂൾതലത്തിൽ സംഘടിപ്പിക്കുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക.
7. സമ്മർ ക്യാമ്പ് നടത്തുന്നതിനോടൊപ്പം കലാപരിശീലനത്തിനും അവസരമൊരുക്കുക.

## പ്രവർത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. സമ്മർ ക്യാമ്പ് പോലുള്ള സാമൂഹിക ബന്ധം ഉറപ്പിക്കുന്ന കൂട്ടായ്മകളിൽ പങ്കാളികളാകുന്നതിന് അവസരം നൽകുക, അതിനോടൊപ്പം പ്രവർത്തിപരിചയ പരിശീലന ക്ലാസുകൾ ആകർഷകമായി അവയിൽ ഉൾപ്പെടുത്തുക.
3. പാഠഭാഗങ്ങൾ/ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തി പരിചയ അനുഭവത്തെ ഗൗരവമായി കാണുകയും അവയിൽ നിന്നും ലഭ്യമാകുന്ന ഉത്പന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുകയും ചെയ്യുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ പ്രവർത്തിപരിചയ ക്ലാസുകളിൽ പ്രയോജനപ്പെടുത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികളിലും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക.
2. ആരോഗ്യ ശീലങ്ങൾ വളർത്തുക.
3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
4. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തവും അപകടരഹിതവും ഹരിതാഭവും ആക്കുക.

# മലയാളം

പ്രവർത്തനം:1

പേര് :അക്ഷരപ്പച്ച

ഉപമേഖല :വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ മികച്ച വായനാശീലം വളർത്തുക | വായിച്ചു കഴിഞ്ഞ ഏതെങ്കിലും ഒരു പുസ്തകം കുട്ടി സ്കൂളിലെ അക്ഷരപ്പച്ച ഹരിത കോർണറിൽ നൽകുന്നു ഹരിത കോർണർ ദിനംപ്രതി മെച്ചപ്പെടുന്നു | ജൂൺ - മാർച്ച് | നല്ല പാഠം ക്ലബ്ബ് | — |

# പ്രവർത്തനം : 2

## പേര് : പിറന്നാൾ പുസ്തകം

## ഉപമേഖല :വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തുക | പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലേ ക്ക് സമാഹരിക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | — |

# പ്രവർത്തനം :3

## പേര് :പാലോട് വാണി, വായന പ്രോഗ്രാം

## ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയഗ്രഹണ വായന | പാലോട് വാണി എന്ന റേഡിയോ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | — |

| | | | | |
|---|---|---|---|---|
| നടത്തുന്നതിന് | പ്രക്ഷേപണ പരിപാടിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | | | |

## പ്രവർത്തനം :4

## പേര്  :പുസ്തക പരിചയക്കുറിപ്പ്

## ഉപമേഖല : വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയഗ്രഹണ വായന നടത്തുന്നതിന് | ക്ലാസ് ലൈബ്രറിയിൽ കുട്ടിയുടെ നിലവാരത്തിന് യോജിച്ച ലൈബ്രറി പുസ്തകങ്ങൾ ടീച്ചർ ഒരുക്കുന്നു. ക്ലാസ് ലൈബ്രറി വഴി തുടക്കത്തിൽ രണ്ട് പുസ്തകങ്ങളും പിന്നീട് മൂന്നും നൽകുന്നു കുട്ടികൾ അവയുടെ പുസ്തക പരിചയം കുറിപ്പ് തയ്യാറാക്കി വന്ന് ക്ലാസിൽ അവതരിപ്പിക്കുന്നു. (തുടക്കത്തിൽ ടീച്ചറുടെ ഒരു മാതൃകാ പുസ്തകപരിയെക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുന്നു.) | ജൂൺ19-മാർച്ച് | ക്ലാസ് ടീച്ചർ ക്ലാസ് ലൈബ്രേറിയൻ | – |

## പ്രവർത്തനം:5

## പേര്:  എൻറെ സ്വന്തം പുസ്തക ലോകം

## ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | അക്ഷരപ്പച്ച, ക്ലാസ് ലൈബ്രറി എന്നിവ പോലെ കുട്ടി വീട്ടിലും ലഭ്യമാകുന്ന പുസ്തകങ്ങൾ (കോമിക്സ്, മാസികകൾ, വീക്കിലി etc..) സമ്മാനമായി ലഭിക്കുന്ന പുസ്തകങ്ങൾ എന്നിവ ചേർത്ത് ഒരു കുട്ടി പുസ്തകപ്പുര നിർമ്മിക്കുന്നു | ജൂൺ - ജൂലൈ | | |

## പ്രവർത്തനം 6

## പേര് :എൻറെ പുസ്തകപ്പുരയോടൊപ്പം സെൽഫി

## ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുസ്തകങ്ങളോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് | വായനാദിനത്തിൽ പുസ്തകപ്പുര/ അക്ഷരപ്പച്ച /ക്ലാസ് ലൈബ്രറി എന്നിവയോടൊപ്പം നിന്നുള്ള സെൽഫി എടുക്കുന്നു | ജൂൺ 19 | | |

## പ്രവർത്തനം 7

## പേര് :ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ ചിട്ടയോടെ, വിവിധതരത്തിൽ വെടിപ്പോടെ ആവിഷ്ക്കരിക്കുന്നതിന് | ഓരോ മാസത്തിലെയും പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ / മറ്റ് അധ്യാപകർ | |

## പ്രവർത്തനം: 8

പേര്  :സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗ്രഹിച്ച ആശയങ്ങളെ വ്യത്യസ്തങ്ങളായ രീതിയിൽ പ്രകടിപ്പിക്കുന്നതിന് | റോൾപ്ലേ, സ്കിറ്റ്, നാടകം, മൈമിങ്, മോണോആക്ട്, റീഡേഴ്സ് തിയേറ്റർ etc… | ജൂൺ - മാർച്ച് | അതാത് അധ്യാപകർ | |

## പ്രവർത്തനം 9

പേര് : രചനോത്സവം

ഉപ മേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്ന തിനുള്ള കഴിവ് നേടുക | മോഡൽ രചനകൾ ലഭ്യമാക്കികൊണ്ട് വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ - മാർച്ച് | ഭാഷാ ക്ലബ് | |

## പ്രവർത്തനം :10

## പേര് : ക്ലാസ് തല പതിപ്പുകൾ

## ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യത്യസ്തങ്ങളായ രീതിയിലൂടെയുള്ള ആശയ പ്രകടനം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്ലാസിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാമാസവും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം :11

## പേര് : സചിത്ര പാഠങ്ങളുടെ രൂപീകരണം

## ഉപമേഖല: ആശയ ഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യത്യസ്ത | യൂണിറ്റിലേക്കുള്ള | ജൂൺ - | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| രീതിയിൽ ആശയവിനിമയ ശേഷി കൈവരിക്കുന്നതിന് | പ്രവേശകങ്ങളായി സചിത്രപാഠങ്ങളെ ഉപയോഗപ്പെടുത്തുന്നു. കുട്ടിയുടെ മുന്നറിവ് പരിശോധിക്കാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നു | മാർച്ച് | | |

# പ്രവർത്തനം :12

## പേര് :കുഞ്ഞെഴുത്തുകാർ

## ഉപമേഖല: ലേഖനം/ ഭാഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് | നൽകുന്ന വിഷയങ്ങളെക്കുറിച്ച് കുട്ടികൾ ലളിതമായ ഭാഷയിൽ അവരുടെ അറിവ് ചിന്ത പ്രകടമാക്കുന്നു | ജൂൺ- മാർച്ച് | ക്ലാസ് അധ്യാപകർ | |

# പ്രവർത്തനം :13

## പേര്: കുഞ്ഞുവായന

## ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയഗ്രഹണ വായന | ഓരോ പാഠത്തിലൂടെയും പരിചയപ്പെടുന്ന അക്ഷരങ്ങൾ ഉൾപ്പെടുന്ന വായനാപാഠങ്ങൾ, വലിപ്പമുള്ള അക്ഷരങ്ങൾ, അനുയോജ്യമായ ചിത്രങ്ങൾ എന്നിവയോടെ രൂപീകരിക്കുന്നു. ക്ലാസ് ഗ്രൂപ്പിൽ പങ്കെടുന്നു. | ജൂൺ- മാർച്ച് | ഭാഷാ അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | കുട്ടികൾ വായിക്കുന്നു | | | |

## പ്രവർത്തനം 14

## പേര് : ഭാവനയുടെ ചിറകിലേറി

## ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വരികൾ കൂട്ടിച്ചേർക്കുന്നതിന് | നൽകുന്ന ലളിതമായ വരികളുടെ താളത്തിനും ഭാവത്തിനും ഇണങ്ങുന്ന രീതിയിൽ കുട്ടികൾ വരികൾ കൂട്ടിച്ചേർക്കുന്നു. മികച്ചത് ക്ലാസ് തല കയ്യെഴുത്ത് മാസികയിലേക്ക് | ജൂൺ- മാർച്ച് | ഭാഷാ അധ്യാപകർ | |

## പ്രവർത്തനം: 15

## പേര് :വായന കൂടാരം (ക്ലാസ് ഒന്ന് )

## ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയഗ്രഹണ വായന | ലഘു ബാലസാഹിത്യകൃതികൾ എടുത്ത് ക്ലാസ് വായനാ കൂടാരം ഒരുക്കുന്നു. ജൂൺ 19ന് ഉദ്ഘാടനം. ആദ്യഘട്ടത്തിൽ അമ്മ വായന. ചിത്രകഥകൾ കൂടുതലായി ഉൾപ്പെടുത്തുന്നു. ആഴ്ചയിൽ ഒരു പുസ്തകം നൽകുന്നു. | ജൂൺ- മാർച്ച് | ക്ലാസ് അധ്യാപകർ | |

## പ്രവർത്തനം: 16

പേര്: മികച്ച ഡയറി എഴുത്തുകാരൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക ഡയറി സാധ്യമായ ദിവസങ്ങളിൽ എഴുതുന്നതിന് | മാർച്ച് മാസത്തിൽ ഏറ്റവും കൂടുതൽ നന്നായി ഡയറി എഴുതിയ മികച്ച ഡയറി എഴുത്തുകാരനെ കണ്ടെത്തുന്നു. സമ്മാനം നൽകുന്നു. | ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകർ | PTA |

പ്രവർത്തനം:17

പേര് : **RT** ക്ലാസുകൾ

ഉപമേഖല: വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠന പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് ഒരു കൈത്താങ്ങ് | ഭാഷ, ഗണിതം എന്നിവയിലെ അടിസ്ഥാന കാര്യങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പിക്കാൻ വേണ്ടത് നടപ്പിലാക്കുന്നു. മധുരം ഗണിതം, കുഞ്ഞുവായന കാർഡുകൾ എന്നിവ ഉപയോഗപ്പെടുത്തുന്നു . | ജൂൺ-ആദ്യടേം വരെ (ഒന്നാംഘട്ടം) | ക്ലാസ്അധ്യാപകർ | |

പ്രവർത്തനം: 18 പേര് :സംയുക്ത ഡയറി (തുടക്കക്കാർക്ക്)

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയപൂർണ്ണമായ ലേഖനത്തിന് | ഏതാനും വാക്കുകൾ കുട്ടിയും ബാക്കി രക്ഷിതാവും ചേർന്ന് എഴുതുന്ന ഡയറി. തുടർന്ന് അവ കുട്ടിയുടെ സ്വതന്ത്ര രചനയിലേക്കും സർഗാത്മക ഡയറിയിലേക്കും വികസിക്കുന്നു. | ജൂൺ- ജൂലൈ | രക്ഷിതാവ്, അധ്യാപകർ | |

# പ്രവർത്തനം: 19

## പേര് :സ്വതന്ത്ര ഡയറി

## ഉപമേഖല: വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു | കുട്ടികൾ സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കുന്നു. ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു. പുസ്തക രൂപത്തിൽ മാറ്റുന്നു. പ്രകാശനം ചെയ്യുന്നു. | ജൂൺ- മാർച്ച് | ക്ലാസ് അധ്യാപകർ, രക്ഷിതാക്കൾ | CPTA,SRG |

# പ്രവർത്തനം: 20

## പേര് :ക്ലാസ് പത്രം

## ഉപമേഖല :ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു | സ്കൂളിലെ അനുഭവങ്ങൾ വാർത്ത രൂപത്തിൽ എഴുതുന്നു | ജൂൺ- മാർച്ച് | ക്ലാസ് അധ്യാപകർ | |

പ്രവർത്തനം: 21

പേര് :വായനോത്സവം

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാ ക്കി മാറ്റുന്നു | ക്ലാസ് ലൈബ്രറിയിൽ നിന്നും ആഴ്ചയിൽ ഒരിക്കൽ ബാലസാഹിത്യകൃതികൾ കൊടുക്കുന്നു കുട്ടികൾ പുസ്തകം വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കുന്നു | ജൂൺ- മാർച്ച് | ക്ലാസ് അധ്യാപകർ, രക്ഷിതാവ് | |

# English

Activity:1

Name: English assembly

Sub sector: Performance

| Aim | Activities | Duration | Responsibility | Financial |
|---|---|---|---|---|

| | | | | support |
|---|---|---|---|---|
| Give opportunity to express ideas in English | Conduct an English assembly one day in a week | June - March | English club | |

Activity :2
Name: English diary
Sub sector: writing

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| Improve independent writing capability in English | Writes daily experiences at school and house in English in their diary | August - March | English teacher | |

Activity: 3
Name: **English bulletin**
Sub sector:writing

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| Provide opportunity for expressing ideas in English | Prepare bulletin on a specific topic every month | June-March | Different clubs | |

Activity: 4

Name: **Let's say English**

Sub sector : speaking

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To improve the ability to speak English | Use simple English for classroom communication (Teacher - student interaction, student - student interaction | June- March | English teacher | |

Activity: 5

Name : **Reading card workshop**

Sub sector: Reading

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| Independent reading | Prepare attractive reading cards (with colourful suitable picture and bold letter) for different level of children | June- I st term | SRG | PTA |

Activity: 6

Name: **Reading corner- ‘ Our English world'**

Sub sector: Reading

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To improve reading in English | Create an English reading corner in the classroom, with a simple English library books and reading cards | June 19- March | English club | |

Activity: 7

Name: **Our growing English gloss**

Sub sector : reading, writing

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To improve vocabulary | Add new /unfamiliar words from each units to a growing | June- March | Selected students | SRG |

| | | | | |
|---|---|---|---|---|
| | glossary made of a chart paper | | | |

Activity: 8
Name :**Pictures on sand**
Sub sector :creativity

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To awaken creativity | Teacher , spreads sand on a newspaper, students can draw any design on the sand using finger or stick. | June- July | Class teachers | SRG |

Activity :9
Name: **Word hunt**
Sub sector : reading, writing

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To improve vocabulary | Find out more words from a given word and to use that word in a specific | June- March | English club | |

| | | | | |
|---|---|---|---|---|
| | situation | | | |

Activity: 10
Name : **Little writers**
Sub sector : writing

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To improve independent writing | Students express their knowledge/ thoughts in simple English based on the given concepts | June- March | English teacher | |

Activity: 11
Name : **Local text formation**
Sub sector : reading

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| For scaffold reading | Providing temporary support to students (slow proficiency level) | I st term | SRG | PTA |

| | | | | |
|---|---|---|---|---|
| | to follow new reading material with locally made cards/ text | | | |

Activity :12
Name: worksheet workshop
Sub sector: reading, writing (evaluation)

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| For evaluating students | Prepare worksheets (digital) for students of different levels, and share them in the class groups | July - March | SRG | |

Activity: 13
Name : **Sachitra text formation**
Sub sector: reading

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To enhance comprehensive reading | Comprehens new words / understand the | June- March | SRG | |

| | | | | |
|---|---|---|---|---|
| children with slower pace | meaning of new words by relating them to pictures given | | | |

Activity :14

Name : **Creative writing**

Sub sector: writing

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To awake free / independent writing | Give activities to make sentences or short stories using words that they framed through word grid or puzzle | June-March | English teacher | |

Activity: 15

Name: Listen… Listen

Sub sector: speaking

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To hear the correct | Create situation to listen audio | June-March | English teacher | |

| | | | | |
|---|---|---|---|---|
| pronunciation | pronunciation using ICT facilities (It can be used for mispronounced the words such as boquet, February etc….) | | | |

Activity :16

Name :word games

Sub sector: reading writing

| Aim | Activities | Duration | Responsibility | Financial support |
|---|---|---|---|---|
| To improve vocabulary | Word grid puzzle (crossword) are given to the students. (It can be locally depends upon the level of children) | June- March | English club | SRG |

# പരിസര പഠനം

പ്രവർത്തനം :1

പേര്: ജീവികളെ അറിയാം.

ഉപമേഖല_:നിരീക്ഷണം വർഗീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|

| | | | | കം |
|---|---|---|---|---|
| . ജലജീവികളെക്കുറിച്ചും ഉഭയജീവികളെക്കുറിച്ചും അവയുടെ ആവാസവ്യവസ്ഥയെപ്പറ്റിയും കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക | - ജലജീവികളെ തരംതിരിക്കൽ<br>-അക്വേറിയം നിർമ്മിക്കൽ, നിരീക്ഷിക്കൽ<br>-വിവിധ ജീവജാലങ്ങളും അവയുടെ ആവാസവും സംബന്ധിച്ച് ആൽബം തയ്യാറാക്കൽ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ<br>എസ് ആർ ജി | |

## പ്രവർത്തനം: 2

### പേര് :

### ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആവാസ വ്യവസ്ഥകളുടെ സംരക്ഷണം | .- മണ്ണ് ,ജലം, വായു എന്നിവ മലിനമാകുന്ന സാഹചര്യങ്ങൾ കണ്ടെത്തുക, അവ തടയുന്നതിന് ആവശ്യമായ പോസ്റ്ററുകൾ നിർമ്മിക്കുക, | ജൂൺ - മാർച്ച് | HM,ക്ലാസ് ടീച്ചർ, എസ് ആർ ജി,PTA | |

| | | | | |
|---|---|---|---|---|
| | റോൾ പ്ലേ അവതരണം.<br>- വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ. പ്ലാസ്റ്റിക് ബോട്ടിലുകൾ, ടിന്നുകൾ മുതലായവ പുനരുപയോഗിക്കുക. അലങ്കാര വസ്തുക്കളുടെ നിർമ്മാണം | | | |

## പ്രവർത്തനം :3

പേര് :ഭൂപടമൊരുക്കാം

ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കേരളം- ഇന്ത്യ ഭൂപട വായന, സൂചിക - പരിചയപ്പെടുത്തൽ | ഭൂപട വായന, ജിഗ്സോ, ഫാൻറസി ഭൂപട നിർമ്മാണം,സൂചിക നിർമ്മാണം | വർഷത്തിൽ ഒന്ന് | SRG, ക്ലാസ് ടീച്ചർ | |

## പ്രവർത്തനം:4

പേര് : ശാസ്ത്ര വിസ്മയ ചുമർ

ഉപ മേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കുന്നതിന് | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വാർത്തകൾ എന്നിവ പ്രദർശിപ്പിക്കൽ, ക്ലാസ് മുറിയിൽ നടക്കുന്ന പരീക്ഷണങ്ങളിൽ | ജൂൺ- മാർച്ച് | SRG, ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | മികച്ചവ പ്രദർശിപ്പിക്കൽ | | | |

## പ്രവർത്തനം: 5

പേര് : ശാസ്ത്രയാത്ര

ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ | -വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര പ്രദർശനങ്ങൾ ഇവ സന്ദർശിക്കൽ<br>-പ്രകൃതി നടത്തം | ജൂൺ- മാർച്ച് | HM, SRG, ക്ലാസ് ടീച്ചർ, PTA | പിടിഎ രക്ഷിതാക്കൾ |

## പ്രവർത്തനം: 6

പേര് : ശാസ്ത്ര മാസിക

ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ അവതരണം | ശാസ്ത്രവുമായി ബന്ധപ്പെട്ട രചനകൾ, പരീക്ഷണ- നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ- മാർച്ച് | SRG, ക്ലാസ് ടീച്ചർ | |

## പ്രവർത്തനം :7

പേര് :ശാസ്ത്ര മൂല ഒരുക്കാം
ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 8
പേര് : ശാസ്ത്രോത്സവം
ഉപ മേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പഠനോൽപ്പന്നങ്ങളുടെ പ്രദർശനം പതിപ്പ് ആൽബം ശാസ്ത്രവുമായി ബന്ധപ്പെട്ട കഥാകവിത രചനാ മത്സരം ശാസ്ത്ര ക്വിസ് ലഘുപരീക്ഷണങ്ങളുടെ പ്രദർശനം ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ | ഫെബ്രുവരി | HM SRG, ക്ലാസ്ടീച്ചർ | |

# ഗണിതം

## പ്രവർത്തനം:1

**പേര് : ഗണിത കിറ്റ്, മഞ്ചാടി സഞ്ചി**

**മേഖല:**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം സുതാര്യവും രസകരവും ആക്കാൻ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | ജൂൺ- മാർച്ച് | SRG, ക്ലാസ് ടീച്ചർ CPTA | |

## പ്രവർത്തനം :2

**പേര് :ജ്യാമിതീയ രൂപങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജാമിതീയ | ഒറിഗാമി ശില്പശാല | ജൂൺ - | SRG,PTA | |

| | | | | |
|---|---|---|---|---|
| സൗന്ദര്യം തിരിച്ചറിയുന്ന | രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | സെപ്റ്റംബർ | | |

## പ്രവർത്തനം :3
### പേര് : ചതുഷ്ക്രിയകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ -മൂല്യനിർണയം ഏണിയുംപാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം (കച്ചവടക്കളി) | ജൂൺ - മാർച്ച് | SRG ക്ലാസ് ടീച്ചർ | |

## പ്രവർത്തനം :4
### ഗണിത ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനം സ്വകാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൂൺ - മാർച്ച് | HM,SRG ക്ലാസ് ടീച്ചർ | PTA |

## പ്രവർത്തനം 5
### ഗണിതച്ചുമർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി കം |
|---|---|---|---|---|
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ പ്രയോജനപ്പെടുത്തൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

# സാമൂഹികാവ ബോധം

## പ്രവർത്തനം :1

പേര്: സഹവാസ ക്യാമ്പ്

ഉപമേഖല: സാമൂഹിക അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി കം |
|---|---|---|---|---|
| ദ്വി ദിന സഹവാസ ക്യാമ്പിലൂടെ സാമൂഹിക മൂല്യങ്ങൾ തിരിച്ചറിയുന്നത് | രണ്ടുദിവസത്തെ സഹവാസ ക്യാമ്പിന് അവസരം ഒരുക്കൽ. ചർച്ചകൾ, ശാസ്ത്ര അവബോധ ക്ലാസുകൾ, സെമിനാറുകൾ, കലാ -കായിക -പ്രവർത്തി പരിചയ ക്ലാസുകൾ എന്നിവ സ്കൂളിൽ സംഘടിപ്പിക്കൽ | ഏപ്രിൽ മാസത്തിലെ തുടർച്ചയായ രണ്ട് ദിവസങ്ങൾ | PTA | PTA |

## പ്രവർത്തനം: 2

പേര് :കൃഷി അറിവ്

ഉപമേഖല : നെൽകൃഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നെൽകൃഷിയെ കുറിച്ച് മനസ്സിലാക്കുന്നതിന് | നെൽപ്പാടം സന്ദർശിക്കൽ നെൽകൃഷിയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കൽ | ആഗസ്റ്റ് | Eco club | SRG |

## പ്രവർത്തനം :3
## പേര് : ഫീൽഡ് ട്രിപ്പ്
## ഉപമേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതു സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ പഞ്ചായത്ത് ഓഫീസ് വില്ലേജ് ഓഫീസ് ഗ്രന്ഥശാലകൾ എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് / മാസത്തിലൊന്ന് | PTA | PTA |

# <u>വിവരസാങ്കേതികവിദ്യ</u>

## പ്രവർത്തനം:1
## പേര് : വിവര സാങ്കേതികവിദ്യയിൽ പരിശീലനം
## ഉപമേഖല : അധ്യാപക ശക്തികരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവരസാങ്കേതിക | പാഠഭാഗവുമായി ബന്ധപ്പെട്ട | ഓരോ | SITC | |

| | | | | |
|---|---|---|---|---|
| വിദ്യ ഫലപ്രദമായി പ്രയോജനപ്പെടു ത്തുക | ഐസിടി സാധ്യതകൾ (വീഡിയോ, ഓഡിയോ) ശേഖരിക്കൽ,പരിചയപ്പെടു ത്തൽ, പ്രദർശനത്തിന് സജ്ജമാക്കൽ | മാസത്തിലും | | |

# പ്രവർത്തനം: 2
## പേര് :സ്കൂൾ തീയറ്റർ
## ഉപമേഖല: വീഡിയോ പ്രദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി കം |
|---|---|---|---|---|
| ഐസിടി സാധ്യതകൾ പ്രയോജനപ്പെടു ത്തുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ ലഘു വിവരണങ്ങൾ എന്നിവ കുട്ടികൾക്ക് അനുഭവവേദ്യമാക്കൽ | ജൂൺ- മാർച്ച് | SITC<br>ക്ലാസ് ടീച്ചർ | |

# പ്രവർത്തനം:3
## പേര് : പാലോട് വാണി
## ഉപ മേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി കം |
|---|---|---|---|---|
| ICT സാധ്യത പ്രയോജനപ്പെടു ത്തി കുട്ടികളുടെയും രക്ഷിതാക്കളുടെ യും കലാവാസനകൾ പ്രകടിപ്പിക്കുന്നതി ന് | വിശേഷദിനങ്ങൾ / ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കുട്ടികളുടെ/ രക്ഷിതാക്കളുടെ വിവിധ ആഡിയോ ക്ലിപ്പുകൾ പാലോട് വാണി /പാലോട് പേൾസിലൂടെ കേൾപ്പിക്കൽ | ഒരു വർഷം നീണ്ടുനിൽക്കു ന്ന | SITC ,<br>ക്ലാസ് ടീച്ചർ | |

# പ്രവർത്തി പരിചയം

പ്രവർത്തനം :1
പേര് : പ്രവൃത്തി പരിചയ ശിൽപ്പശാല
ഉപമേഖല :നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവർത്തി പരിചയ ഇനങ്ങളിൽ (പേപ്പർ ക്രാഫ്റ്റ്, ചന്ദനത്തിരി, ചിത്രത്തുന്നൽ, ഫാബ്രിക് കളറിംഗ് , വെജിറ്റബിൾ പ്രിന്റിങ് etc..)കുട്ടികൾക്ക് പരിശീലനം നൽകൽ | ജൂലൈ - സെപ്റ്റംബർ | SRG, ക്ലാസ് ടീച്ചർ | SRG |

പ്രവർത്തനം 2
പേര് :പേപ്പർ ബാഗ് നിർമ്മാണ പരിശീലനം
ഉപമേഖല: പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക | ജൂൺ- മാർച്ച് | SRG | PTA |

പ്രവർത്തനം: 3

പേര്: കരകൗശല പരിശീലനം
ഉപമേഖല: ഒറിഗാമി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ ഒറിഗാമി പരിശീലനം (ലളിതമായവ) കുട്ടികൾക്ക് നൽകൽ | മാസത്തിലെ രണ്ട് A E ക്ലാസുകളിൽ | ക്ലാസ് ടീച്ചർ | PTA |

## കലാപരം

## പ്രവർത്തനം :1
പേര് :സർഗ്ഗ വേള
ഉപമേഖല: പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കലാഭിരുചി കണ്ടെത്തി വളർത്തുക | ആഴ്ചയിൽ ഒരു ദിവസം ക്ലാസുകളിൽ സർഗ്ഗ വേള നടത്തൽ (കുട്ടികളുടെ നേതൃത്വത്തിൽ) | എല്ലാ ആഴ്ചയിലും | SRG | |

## പ്രവർത്തനം : 2
പേര് : ടാലൻറ് ലാബുകൾ
ഉപമേഖല : കലാപ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഉൾപ്പെടുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിൻറിംഗ് etc…മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ | സ്കൂൾ ഉപജില്ലാതല കലാമേള സമയം , പഠനോത്സവം, കോർണർ പിടിഎ , വാർഷികം | SRG,PTA | PTA |

# <u>ആരോഗ്യ കായിക വിദ്യാഭ്യാസം</u>

## പ്രവർത്തനം :1

പേര് :കായികാരോഗ്യം

ഉപമേഖല: കരാട്ടെ ക്ലാസുകൾ, സൂമ്പാ ഡാൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക ക്ഷമത കുട്ടികളിൽ ഉറപ്പുവരുത്തുക | കരാട്ടെ ക്ലാസുകൾ എല്ലാ കുട്ടികൾക്കും നൽകൽ , PE പീരിയഡ്കളിൽ സൂമ്പ ഡാൻസ് പരിശീലനം നൽകൽ | ആഴ്ചയിൽ ഒന്ന് | പഞ്ചായത്ത് SRG | പഞ്ചായത്ത് |

## പ്രവർത്തനം :2

പേര്: ഹെൽത്ത് ചെക്കപ്പ്

ഉപമേഖല: ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ആരോഗ്യം to ഉറപ്പുവരുത്തുക | കുട്ടികളിൽ ആരോഗ്യ ക്ഷമത ഉറപ്പുവരുത്താനായി ഹെൽത്ത് ചെക്കപ്പ് നടത്തൽ | വർഷത്തിൽ ഒന്ന് | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ | ആരോഗ്യവകുപ്പ് |

# നിർവഹണ ചുമതല

- ശ്രീമതി. ഷിഹാന **A S** ഹെഡ്മിസ്ട്രസ്
- ശ്രീ. പ്രതീഷ് **T.** **PTA** പ്രസിഡൻറ്
- ശ്രീമതി. നൗഫിയ **MPTA** പ്രസിഡൻറ്
- ശ്രീ. രാജകുമാർ. **SDC** ചെയർമാൻ
- ശ്രീ. രാജീവ് **V L.** **SDC** വൈസ് ചെയർമാൻ
- ശ്രീമതി. ലേഖ **K.** ടീച്ചർ
- ശ്രീമതി. സീമ **S** ടീച്ചർ
- ശ്രീമതി. സജിത **I** ടീച്ചർ
- ശ്രീമതി. ഷിമി മോൾ ടീച്ചർ
- ശ്രീമതി. സൗമ്യ **U** ടീച്ചർ
- ശ്രീ. അഖിൽജിത്ത് **C** ടീച്ചർ
- ശ്രീമതി. അഖില **S** ടീച്ചർ